(സി) ടി.എ.യ്ക്കും പി.ടി.എ.യ്ക്കും പി.സി.എ.യ്ക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾക്കും പരിധി ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടി.എ. ക്ലെയിമുകൾക്ക് നിലവിലുള്ള പ്രതിമാസ, ത്രൈമാസ പരിധിക്കുപുറമെ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

14 (3340) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10 ശതമാനം റിസർവേഷൻ

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് എൽ.ഡി. തസ്തികയിലേക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10 ശതമാനം റിസർവേഷൻ നൽകുന്നതായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ). 1997-ലെ ശമ്പള പരിഷ്കരണ സമിതി ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിലവിൽ നിർണ്ണയിച്ചിട്ടുള്ള 5% സംവരണ കോട്ട 10%-മായി ഉയർത്തുവാൻ ശുപാർശ ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) ഈ ശുപാർശ ഇപ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പരിശോധനയിലാണ്.

15 (3341) കായംകുളം വനിതാ പോളിടെക്നിക്

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വനിതാ പോളിടെക്നിക് നിലവിൽ വന്നശേഷം നാളിതുവരെ സർക്കാർ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ പോളിടെക്നിക്കിന് സ്വന്തമായി സ്ഥലം വാങ്ങി ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞവർഷം അനുവദിച്ച തുകയിൽ എന്തു തുക ഇനിയും ബാക്കിയുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ പോളിടെക്നിക് പണിതുയർത്തുന്നതിന് ആവശ്യമായഫണ്ട് അടിയന്തിരമായി നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) കായംകുളം വനിതാ പോളിടെക്നിക് നിലവിൽ വന്നതിനു ശേഷം ഇതുവരെ 4.65 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

(ബി) കായംകുളം വനിതാ പോളിടെക്നിക്കിനും കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിനും കൂടി സ്ഥലം വാങ്ങാൻ ഈ വർഷത്തെ ബഡ്ജറ്റിൽ 2.9 കോടി രൂപയും കായംകുളം വനിതാ പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കാനായി 1.5 കോടി രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം 150 ലക്ഷംരൂപം സ്ഥലമെടുപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ഇനി തുക ബാക്കിയില്ല.

(ഡി) കായംകുളം വനിതാ പോളിടെക്നിക് കെട്ടിടം പണിതുയർത്തുന്നതിന് 1.5 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

16 (3342) പുതുതായി വാങ്ങുന്ന കാറുകൾ

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പുതിയതായി എത്ര കാറുകളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവയ്ക്ക് ആകെ എത്ര വിലവരുമെന്ന് അറിയിക്കുമോ;

(സി) ഈ കാറുകൾ ഏതെല്ലാം വകുപ്പിനുവേണ്ടിയാണ് വാങ്ങുന്നത്;

(ഡി) മന്ത്രിമാർ ഉപയോഗിക്കുന്ന കാറുകളുടെ ഇന്ധനം ആരുടെ ചെലവിലാണ് വരുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) പുതുതായി '15' കാറുകൾ വാങ്ങുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) ഇവയ്ക്ക് ആകെ 82.76 ലക്ഷം രൂപ വില വരും.

(സി) ഈ കാറുകൾ ടൂറിസം വകുപ്പിന് വേണ്ടിയാണ് വാങ്ങുന്നത്.

(ഡി) മന്ത്രിമാർ ഉപയോഗിക്കുന്ന കാറുകളുടെ ഇന്ധനച്ചെലവ് മന്ത്രിമാർ തന്നെയാണ് വഹിക്കുന്നത്.

17 (3343) മന്ത്രിമാർക്കും ചീഫ് സെക്രട്ടറിക്കുംവേണ്ടി വാങ്ങിയ വാഹനങ്ങൾ

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly